**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 944** **06-10-2021 - ൽ മറുപടിയ്ക്ക്**

**രണ്ടാം കുട്ടനാട് പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | രണ്ടാം കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം ; വ്യക്തമാക്കാമോ; | (എ) | രണ്ടാം കുട്ടനാട് പാക്കേജിനായി 2019-2020, 2020-2021, 2021-2022 ബഡ്ജറ്റിൽ പ്ലാൻ സ്കീമിലുൾപ്പെടുത്തിയും NABARD -RIDF സ്കീമിലുൾപ്പെടുത്തിയും പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്നതിനും അനുബന്ധ നിർമ്മിതികൾക്കുമായി തുക വകയിരുത്തിയിട്ടുണ്ട്. 2019-20, 2020-21 ബഡ്ജറ്റ് തുക ഉപയോഗിച്ച് 66 പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തികളും, തോട്ടപ്പള്ളി സ്പിൽവേയുടെ ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തികളുമാണ് നടപ്പിലാക്കി വരുന്നത്. ഇതിൽ മിക്ക പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ നല്ല പുരോഗതിയിൽ നടന്നു വരുന്നു. 2021-2022 ബഡ്ജറ്റിൽ പ്ലാൻ സ്കീം ഫണ്ടുപയോഗിച്ച് 39 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും, NABARD-RIDFസ്കീമിലുൾപ്പെടുത്തി 4 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ തോട്ടപ്പള്ളി സ്പിൽവേ, ലീഡിംഗ് ചാനൽ നവീകരണം, എ.സി കനാൽ രണ്ടും മൂന്നും റീച്ചുകളുടെ നിർമ്മാണം എന്നീ പ്രവൃത്തികൾ റൂം ഫോർ റിവർ പദ്ധതിയിലുൾപ്പെടുത്തി റീബിൽഡ് കേരള ഇനിഷിയേറ്റീവ് മുഖേന നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനു മുൻപ് വിശദമായ ഹൈഡ്രോഡൈനാമിക് പഠനം ആവശ്യമായിട്ടുണ്ട്. ഇതിനായി ചെന്നൈ ഐ.ഐ.റ്റിയെ ചുമതലപ്പെടുത്തുകയും അവരുമായി കരാർ ഒപ്പിടുകയും ചെയ്തിട്ടുണ്ട്. ചെന്നൈ ഐ.ഐ.റ്റി പ്രാരംഭ പഠനം ആരംഭിച്ചിട്ടുണ്ട്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് തുടർ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഒരു ലയ്സൻ ഓഫീസറെ നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട എല്ലാ കാര്യാലയങ്ങളും കുട്ടനാട്ടിലും, ആലപ്പുഴ, കോട്ടയം ജില്ലകളിലുമായാണ് സ്ഥിതി ചെയ്യുന്നത്. ചീഫ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയറുടെ നേതൃത്വത്തിൽ എല്ലാ ഉദ്യോഗസ്ഥരെയും ഏകോപിപ്പിച്ചുകൊണ്ട് പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നതിനാൽ ഇതുമായി ബന്ധപ്പെട്ട് ഒരു ലയ്സൺ ഓഫീസറെ നിയമിക്കുന്ന കാര്യം പരിഗണനയിലില്ല. |
| (സി) | പ്രസ്തുത പദ്ധതി സംബന്ധിച്ച് കൃത്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ? | (സി) | കുട്ടനാട് പാക്കേജ് രണ്ടാം ഘട്ട പദ്ധതി സംബന്ധിച്ച് വ്യക്തമായ രൂപരേഖ തയ്യാറാക്കിയാണ് ഓരോ പദ്ധതിയും നടപ്പിലാക്കി വരുന്നത്. ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുകയും ഓരോ വർഷവും നടപ്പിലാക്കേണ്ട പദ്ധതികളെ കുറിച്ച് വ്യക്തമായ പ്ലാൻ തയ്യാറാക്കി പദ്ധതികൾ നടപ്പിലാക്കി വരികയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ